# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.332

18.10.2016-ൽ
മറുപടിയ്ക്ക്

## കിൻഫ്രയുടെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | കിൻഫ്രയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യവസായ സൗഹൃദ അന്തരീക്ഷം വളർത്തുന്നതിൽ കിൻഫ്ര വഹിച്ചിട്ടുള്ള പങ്ക് വിശദമാക്കുമോ; | (എ) | ഉണ്ട്.<br>വ്യവസായങ്ങൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി വ്യവസായ നിക്ഷേപം ആകർഷിക്കുക എന്നുള്ളതാണ് കിൻഫ്രയുടെ പ്രഖ്യാപിത ലക്ഷ്യം. അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ്, വികസിപ്പിച്ച പ്ലോട്ടുകൾ എന്നിവ ഒരുക്കി വ്യവസായ പാർക്കുകൾ സ്ഥാപിച്ച് കിൻഫ്ര വ്യവസായ നിക്ഷേപങ്ങൾ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ഏകജാലക സംവിധാനം വഴി വ്യവസായം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ അനുബന്ധ അനുമതികളും സമയബന്ധിതമായി ലഭിക്കുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. സംരംഭകർക്ക് അവരുടെ സംരംഭങ്ങൾ വിജയകരമായി പ്രവർത്തിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിൽ കിൻഫ്ര നിർണ്ണായക പങ്ക് വഹിക്കുന്നുണ്ട്. |
| ബി) | കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പുതിയ വ്യവസായ പാർക്കുകൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഇതിനായി എത്ര കോടിയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു; | ബി) | ഉദ്ദേശമുണ്ട്. പുതിയ പദ്ധതികൾ താഴെ പറയുന്നവയാണ്.<br>1. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.<br>2. മെഗാ ഫുഡ് പാർക്ക്, പാലക്കാട് |

3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്

4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം

5. ഫുട് വെയർ ക്ലസ്റ്റർ, രാമനാട്ടുകര, കോഴിക്കോട്

6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി

7. വ്യവസായ വികസന മേഖല, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ

8. വ്യവസായ പാർക്ക്, മട്ടന്നൂർ

പ്രസ്തുത പദ്ധതികൾ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 6630 കോടി രൂപയുടെ നിക്ഷേപമാണ് പ്രതീക്ഷിക്കുന്നത്.

| | | | |
|---|---|---|---|
| **സി)** | ഡിഫൻസ് പാർക്കിന് കേന്ദ്ര സഹായം ലഭ്യമാകുമോ; | **സി)** | കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ധനസഹായമായി 50 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| **ഡി)** | സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഗ്ലോബൽ ആയുർവില്ലേജിന് കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെ ധനസഹായം ഉറപ്പാക്കിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | **ഡി)** | ഗ്ലോബൽ ആയുർവേദ വില്ലേജ് പൊതു സ്വകാര്യ പങ്കാളിത്തത്തോടു കൂടി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് പ്രകാരം ഇതിന്റെ മുതൽ മുടക്ക് സ്വകാര്യ സംരംഭകരുടേതാണ്. ഭൂമി, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഒരുക്കുക തുടങ്ങിയവയാണ് കിൻഫ്രയുടെ പങ്ക്. വ്യവസായ സംരംഭകർക്ക് കേന്ദ്ര ആയുഷ് വകുപ്പിന്റെ ധനസഹായം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

**സെക്ഷൻ ഓഫീസർ**